# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 179 — 04.11.2019 - ൽ മറുപടിക്ക്.

## ഭക്ഷ്യഭദ്രത നിയമപ്രകാരമുള്ള സോഷ്യൽ ഓഡിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ<br>,, ഇ.കെ.വിജയൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന പ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; സോഷ്യൽ ഓഡിറ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് Tata Institute of Social Sciences (TISS) ന്റെ സഹായത്തോടെ നടത്തിയിട്ടുണ്ട്. ടി പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 107, 114, 116, 77 എന്നീ റേഷൻകടകളിലാണ് നടത്തിയത്.<br><br>പൊതുവിതരണ രംഗത്തെ നേട്ടങ്ങളായ പോർട്ടബിലിറ്റി, ഇ-പോസ് മെഷീൻ തുടങ്ങിയവയെക്കുറിച്ച് അവബോധം നൽകുക, റേഷൻ സാധനങ്ങളുടെ അളവും തൂക്കവും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, ഓരോ വിഭാഗം കാർഡുകൾക്ക് അർഹമായ റേഷൻ ധാന്യത്തിന്റെ അളവിനെക്കുറിച്ച് ബോധവാന്മാരാക്കുക, എ.എ.വൈ. / മുൻഗണനാ വിഭാഗങ്ങൾക്ക് റേഷൻ സംബന്ധിച്ച ഭൂഷണങ്ങളെക്കുറിച്ച് അറിവ് നൽകുക തുടങ്ങിവയാണ് സോഷ്യൽ ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി നിയോഗിച്ചിട്ടുള്ളത് ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കാമോ; | (ബി) സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് Tata Institute of Social Sciences (TISS) എന്ന ഏജൻസിയെയാണ് നിയോഗിച്ചിരുന്നത്. സംസ്ഥാന വ്യാപകമായിട്ടുള്ള സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള ഏജൻസിയായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| (സി) ടി.ഐ.എസ്.എസ്. ന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്ന പൈലറ്റ് പ്രോജക്ട് പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) Tata Institute of Social Sciences (TISS) നടത്തിയ പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ പറയുന്നവയാണ്.<br>1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ ആനുകൂല്യങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കൽ<br>2) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നെക്കുറിച്ച് പഞ്ചായത്ത് ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി ജീവനക്കാർ, ആശ വർക്കർമാർ, എസ്.സി./എസ്.ടി പ്രൊമോർട്ടർമാർ എന്നിവരെ ബോധവൽക്കരിക്കുക<br>3) റേഷൻകടതല വിജിലൻസ് കമ്മിറ്റി രൂപീകരിക്കുക<br>4) പരിശോധനകൾ കർശനമാക്കുക<br>5) റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധന കർശനമാക്കുക<br>6) വാതിൽപ്പടി വിതരണത്തിലെ തൂക്ക കൃത്യത ഉറപ്പ് വരുത്തുക<br>7) റേഷൻ കടകളിലെ നിലവിലെ ബില്ലിന്റെ ഫോർമാറ്റിൽ മാറ്റം വരുത്തുക<br>8) ഗുണഭോക്താവിന് പൈസ നൽകി റേഷൻകട ലൈസൻസി ഭക്ഷ്യധാന്യങ്ങൾ വാങ്ങി കരിഞ്ചന്തയിൽ വിൽക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക<br>9) സുതാര്യത ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശക്തമാക്കുക.<br>10) റേഷൻ വ്യാപാരിയ്ക്ക് പ്രതിമാസം ലഭിക്കുന്ന കമ്മീഷന്റെ വിവരങ്ങൾ അതാത് റേഷൻ കടയിൽ പ്രദർശിപ്പിക്കുക<br>11) പരാതിപരിഹാര സംവിധാനങ്ങൾ ശക്തമാക്കുക<br>12) പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുക<br>13) സോഷ്യൽ ആഡിറ്റുകൾ പതിവായി സംഘടിപ്പിക്കുക |
| (ഡി) സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) സോഷ്യൽ ഓഡിറ്റ് പൈലറ്റ് പ്രോജക്ട് സംബന്ധിച്ച റിപ്പോർട്ട് സർക്കാർ തലത്തിൽ വിലയിരുത്തുകയും, അനുബന്ധ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു |

സെക്ഷൻ ഓഫീസർ